
# പ്രേമം ടി.വി.യുടെ കസേര കളഞ്ഞു; എം എൻ എല്ലാം നിശ്ചയിച്ചു

**2010.12.06**



1957–ൽ ടി.വി. തോമസ് മുഖ്യമന്ത്രിയാകും എന്നായിരുന്നു തിരുവിതാംകൂറിൽ പൊതുവേയുള്ള ധാരണ. എന്നാൽ ടി.വി. തോമസ്–ഗൌരിഅമ്മ പ്രേമബന്ധവും അതിനെച്ചൊല്ലിയുള്ള ചർച്ചയുമൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സ്വീകാര്യമായിരുന്നില്ല. അങ്ങനെയാണ് ഇ. എം. എസ്. വരുന്നത്.

വാസ്തവത്തിൽ പാർട്ടി സംസ്ഥാന സെക്രട്ടറി എം. എൻ. ഗോവിന്ദൻ നായർ ഡൽഹിയിൽ പോയി പാർട്ടി സെൻട്രൽ കമ്മിറ്റിയിൽ നിർബന്ധിക്കുകയായിരുന്നു. ഇ. എം. എസ് കേരളത്തിൽ വന്ന് തിരഞ്ഞെടുപ്പിൽ മത്സരിക്കണം എന്നായിരുന്നു കമ്മിറ്റിയിൽ എം.എൻ. ആവശ്യപ്പെട്ടത്. മുഖ്യമന്ത്രിയാക്കാം എന്ന അടിസ്ഥാനത്തിലൊന്നുമായിരുന്നില്ല അത്. എന്നാൽ മേൽപ്പറഞ്ഞ കണ്ടിജൻസിയൊക്കെ എമ്മെന്റെ മനസ്സിൽ ഉണ്ടായിരുന്നിരിക്കാം.

അങ്ങനെയാണ് ഇ. എം. എസ്. കേരളത്തിൽ വരുന്നത്. ഇ.എം.എസിനെ അന്ന് കേരളത്തിൽ വലിയ പരിചയമൊന്നുമില്ല. മലബാറിൽ സീറ്റില്ലെങ്കിൽ മധ്യതിരുവിതാംകൂറിൽ നൽകാമെന്ന് എം. എന്. വാഗ്ദാനം ചെയ്തു. ഇ.എം.എസ് മത്സരിച്ചത് നീലേശ്വരത്താണ്. എന്തായാലും ഇ. എം. എസ്. അസംബ്ളിയിൽ ഉണ്ടാകണമെന്ന് എം.എന് നിർബന്ധമുണ്ടായിരുന്നു. 1957–ൽ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വരും എന്ന് ഉറച്ചു വിശ്വസി ക്കുകയും പ്രചരിപ്പിക്കുകയും ചെയ്തത് എം. എന് മാത്രമായിരുന്നു.

കോൺഗ്രസ് ആകെ ക്ഷീണിച്ചിരിക്കുകയാണ്. കോൺഗ്രസിന് ബദലായി കമ്മ്യൂണിസ്റ്റുകാർ ‘എമർജ്’ ചെയ്യണം, എന്നായിരുന്നു എം.എൻ പറഞ്ഞത്. സാധാരണ നിലയിൽ കമ്മ്യൂണിസ്റ്റുകാർക്ക് വോട്ടുചെയ്യാത്ത വലിയൊരു വിഭാഗം അന്ന് പാർട്ടിക്ക് വോട്ടുചെയ്തിരുന്നു. കാരണം മറ്റൊരു ബദൽ അവരുടെ മുന്നിൽ ഇല്ലായിരുന്നു.

1957–ൽ കേരളത്തിലെ നിയമസഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ എ.കെ.ജിയോടും എം.എൻ. ആവശ്യപ്പെട്ടതായി എം.എൻ തന്നെ പറഞ്ഞിട്ടുണ്ട്. അന്ന് എ.കെ.ജി. മത്സരിച്ചു ജയിച്ചിരുന്നെങ്കിൽ അദ്ദേഹം തന്നെയാവുമായിരന്നു കേരളത്തിലെ ആദ്യ മുഖ്യമന്ത്രി. അന്ന് എ.കെ.ജിയാണ് പാർലമെന്റിലെ പ്രതിപക്ഷ നേതാവ്.

ഡൽഹിയിലെ വലിയ പദവിയും പോപ്പുലർ ഇമേജും കളഞ്ഞിട്ട് കേരളത്തിലേക്ക് വരണോയെന്ന് എ.കെ.ജി സംശയിച്ചു. ഇ. എം. എസിന്റെ കാര്യത്തിൽ അങ്ങനെയൊരു പോപ്പുലർ ഇമേജ് ഇല്ല. അദ്ദേഹം എഴുതുന്ന ലേഖനങ്ങൾ വായിക്കുന്ന ബുദ്ധിജീവികൾക്ക് ഇടയിലേ അറിയപ്പെടുന്നുള്ളൂ. ഇ.എം.എസിന് പാർട്ടി പ്രവർത്തനവും പ്രക്ഷോഭണവുമില്ല. അന്ന് പാർട്ടി സെൻട്രൽ കമ്മിറ്റിയിൽ സെക്രട്ടേറിയറ്റ് അംഗമായിരുന്നു ഇ. എം.എസ് എന്നുമാത്രം. അജയഘോഷാണ് അന്ന് പാർട്ടി സെക്രട്ടറി.

കേരളത്തിൽ ഞങ്ങൾ ജയിക്കും ഭരിക്കും എന്ന് വളരെ ആത്മവിശ്വാസത്തോടെയാണ് എം.എൻ കേന്ദ്ര കമ്മിറ്റിയിൽ പറഞ്ഞത്. അതുകൊണ്ടാണ് ഇ.എം.എസിനെ വിടണമെന്നും ആവശ്യപ്പെട്ടത്. എ.കെ.ജി വരാൻ തയ്യാറല്ലാതായപ്പോഴാണ് ഇ.എം.എസ്സിന് അവസരം ലഭിച്ചത്. പാർലമെന്ററി പൊളിറ്റിക്സിൽ തീരെ പങ്കെടുക്കാത്ത ഒരാളെന്ന നിലയിലാണ് ഇ.എം.എസ് ഇവിടെ വരുന്നത്. പക്ഷേ, പാർട്ടിയുടെ വലിയൊരു നേതാവു തന്നെയായിരുന്നു ഇ. എം. എസ്.

**പ്രണയം പാർട്ടിക്ക് പ്രശ്നമായിരുന്നോ?**

കല്യാണം ഉടനെ നടക്കും എന്നുള്ള 'അണ്ടർടേക്കിംഗി'ലാണ് ടി.വി.യേയും ഗൌരിഅമ്മയേയും 1957—ലെ മന്ത്രിസഭയിൽ എടുക്കുന്നത്. ടി.വി തോമസിന്റെ കാര്യത്തിൽ അങ്ങനെ വേണമായിരുന്നോ എന്ന് ഇന്ന് തിരിഞ്ഞു നിന്നാലോചിക്കുന്നതിൽ കാര്യമില്ല. 'മോറൽ വാല്യൂസ്'ഉം അന്നു കണ്ടത് ആ വിധത്തിലാകാം.


പാർട്ടിയിലെ രണ്ടുപേരുടെ പ്രേമം പാർട്ടിക്ക് പ്രശ്നമാകേണ്ട കാര്യമില്ല. ഇന്ന് നോക്കുമ്പോൾ ''റാതർ എ ഫൂളിഷ് അപ്രോച്ച്''. അന്നു പക്ഷേ, അതൊരു പ്രശ്നമായി പാർട്ടിയും ജനങ്ങളും കരുതിയിരുന്നു.

പുന്നപ്ര വയലാർ സമരം നടക്കുമ്പോഴൊന്നും ഗൌരിഅമ്മ പാർട്ടിയിൽ ഇല്ല. എന്നാൽ ഗൌരിഅമ്മയുടെ സഹോദരൻ സുകുമാരൻ അക്കാലത്ത് ചേർത്തലയിലെ പ്രമുഖനായ കമ്മ്യൂണിസ്റ്റ് നേതാവായിരുന്നു. അച്ഛൻ പ്രസിഡന്റായ യൂണിയനിൽ വൈസ് പ്രസിഡന്റായിരുന്നു അദ്ദേഹം. കമ്മ്യൂണിസ്റ്റ് ചരിത്രത്തിൽ വിസ്മൃതനായ ഒരു നേതാവാണ് സുകുമാരൻ. അദ്ദേഹം അകാലത്തിൽ മരിച്ചു.

വയലാർ പ്രക്ഷോഭകാലത്ത് ഗൌരിഅമ്മ അന്ന് ജൂനിയർ വക്കീൽ മാത്രമായിരുന്നു. സുകുമാരനെയായിരുന്നു ഞങ്ങൾക്ക് ഏറെ പരിചയം. അച്ഛന് വൈകിട്ട് വീട്ടിൽ വരുമ്പോൾ കൂടെ ഉൺടാകാവുന്ന ഒരാൾ സുകുമാര നായിരുന്നു.

സുകുമാരൻ ഒരുപാടുകാലം വീട്ടിൽ താമസിച്ചിട്ടുണ്ട്. പിന്നീട് ഗൌരിഅമ്മയും വന്നുതാമസിച്ചിട്ടുണ്ട്. ടി.വി തോമസിനെയും ഗൌരിഅമ്മയെയും വിവാഹിതരാക്കാൻ അച്ഛന് ഏറെ ശ്രമിച്ചിരുന്നു. ഒരു പ്രശ്നം ടി.വിയുടെ കുടുംബം കത്തോലിക്കാ വിശ്വാസികളായിരുന്നു എന്നാതാണ്. മിശ്രവിവാഹം ആ വീട്ടിലെ തുടർന്നുള്ള ബന്ധങ്ങളെ ബാധിക്കുമോ എന്നവർ ശങ്കിച്ചു. ഗൌരിഅമ്മയുടെ വീട്ടിലെ പ്രശ്നങ്ങളൊക്കെ അച്ഛനും മറ്റുള്ളവരും ചേർന്ന് 'ടാക്കിൾ' ചെയ്യുന്നുണ്ടായിരുന്നു. അതിന്റെ വർത്തമാനങ്ങളൊക്കെ ഞങ്ങളുടെ വീട്ടിലും എത്തിയിരുന്നു. 1957—ൽ അച്ഛന് കിടപ്പിലായിരുന്നപ്പോഴും വിവാഹസംബന്ധമായ അവസാനവട്ട ചർച്ചകൾ വീട്ടിൽ നടന്നിരുന്നു. അന്നൊക്കെ ടി.വിയും ഗൌരിഅമ്മയും നിരന്തരം വന്നിരുന്നു.

എന്റെ പ്രേമത്തിന് ഓഫീസുമായി ബന്ധപ്പെട്ട പ്രശ്നങ്ങളൊന്നും ഇല്ലായിരുന്നു. യൂത്ത് ഫെഡറേഷന്റെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടാണ് ഞാൻ ഡൽഹിയിൽ നിന്നെത്തുന്നത്. എം.എ പൂർത്തിയാക്കാതെ കോളേജിൽ നിന്നിറങ്ങി നേരെ ഡൽഹിക്കായിരുന്നു യാത്ര. അന്ന് ബുലുറോയ് ചൌധരി പാർലമെന്ററി പാർട്ടി ഓഫീസിൽ ജോലി ചെയ്യുന്നുണ്ടായിരുന്നു. പാർട്ടി പ്രവർത്തനങ്ങളിലൂടെയുള്ള ഒരനുരാഗമായിരുന്നു ബുലുവുമായി. അല്ലാതൊരു 'റൊമാന്റിക് സീൻ ഒന്നുമില്ല.



1964—ൽ ആണ് ഞാന് ഡൽഹിയിൽ പോകുന്നത്. പതിറ്റാണ്ടിലേറെ നീണ്ട പ്രേമത്തിനൊടുവിൽ 1978—ൽ ഞങ്ങൾ വിവാഹിതരായി. വിവാഹം ഡൽഹിയിലായിരുന്നു. അജോയ് ഭവനിലെ കോൺഫറൻസ് ഹാളിൽ വച്ചായിരുന്നു വിവാഹം. പാർട്ടി സെക്രട്ടറി സി. രാജേശ്വരറാവു ആണ് ഹാരം എടുത്തു തന്നത്. വീട്ടിൽ നിന്ന് ആരും വന്നിരുന്നില്ല. വിവാഹം കഴിഞ്ഞയുടൻ ഞങ്ങൾ ഇങ്ങോട്ടു പോന്നു. വിവാഹത്തിനു മുമ്പേ അമ്മ മരിച്ചു. ബംഗാളിൽ നിന്നും ഡൽഹിയിലേക്ക് കുടിയേറിയ കുടുംബമാണ് ബുലുറോയ് ചൌധരിയുടേത്. ഡാക്കയിൽ നിന്നും ബംഗാളിലേക്ക് വന്നവരാണ് ബുലുറോയിയുടെ കുടുംബം.